SPATCHED
08/06/2020

7/05/2020


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


## ഹർജി നമ്പർ **AP No.137(6)/2015**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.800/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ബി.എച്ച്. മുസ്തഫ,
ബ്ലാൻഡാഹൗസ്, മുക്കോലഭാഗം,
പി.ഒ. വടകര ബീച്ച്, വടകര, കോഴിക്കോട്-673103 } അപ്പീൽ ഹർജിക്കാരൻ

Vs

1. മനാറൂൽ ഇസ്ലാം സഭ,
എം.യു.എം. ഹൈസ്കൂൾ,
വടകര ബീച്ച് പി.ഒ. വടകര –673 103

2. അപ്പീൽ അധികാരി
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, വടകര } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12.11.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.11.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.12.2014 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13.01.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16.01.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18.02.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 09.03.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ബി.എച്ച്. മുസ്തഫ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട

വിവരങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, മനാറുൽ ഇസ്ലാംസഭ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നായിരുന്നുവെന്നും ഇക്കാര്യത്തിൽ അപ്പീൽ അധികാരിയായ എ.ഇ.ഒക്ക് അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും അയതു പ്രകാരം നൽകിയ മറുപടിയിൽ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർ അല്ല ഹർജിക്കാരന്റെ അപേക്ഷ സംബന്ധിച്ച് അപ്പീൽ അധികാരി എന്നറിയിച്ചുവെന്നും ഡി.ഇ.ഒ.യുടെ പരിധിയിൽ വരുന്നതാണെന്നാണ് അറിയിച്ചതെന്നും മേൽ പ്രകാരമുള്ള മറുപടി നൽകുന്നതിന് 42 ദിവസങ്ങൾ എടുത്തുവെന്നും എ.ഇ.ഒ. തന്നെയാണ് ടിയാൻ ആവശ്യപ്പെട്ട വിഷയത്തിലെ അപ്പീൽ അധികാരിയെന്നും മേൽ ചൂണ്ടിക്കാണിച്ച സൊസൈറ്റി നടത്തുന്നത് 5 എൽ.പി സ്കൂളും ഒരു ഹൈസ്കൂളുമാണെന്നും എൽ.പി. സ്കൂളുകളുടെ നിയന്ത്രണ അധികാരി എ.ഇ.ഒ. ആണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. മനാറൂൽ ഇസ്ലാംസഭയുടെ നിലവിലുള്ള കമ്മിറ്റി ഉണ്ടായത് ഏതു തീയതിയിലാണെന്നും

ii. എം.ഐ സഭ ഹൈസ്കൂളിലെ ഇപ്പോഴത്തെ പ്രിൻസിപ്പൽ ആരാണെന്നും

iii. ടി പ്രിൻസിപ്പാളിനെ നിയമിച്ചത് ഏതു തീയതിയാണെന്നും

iv. ടി പ്രിൻസിപ്പൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ആളാണോ എന്നും മറ്റമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, മനാറൂൽ ഇസ്ലാംസഭ വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടാത്തതാണെന്നും ടി സഭക്ക് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഇല്ലെന്നും ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷ സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നുമാണ്.

3. ഹർജിക്കാരൻ, രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ യിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം മനാറൂൽ ഇസ്ലാംസഭയുടെ സെക്രട്ടറി നൽകിയില്ല എന്നും ടി സഭ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നാണ് അറിയിച്ചിരിക്കുന്നതെന്നും സർക്കാർ ഗ്രാന്റും ജീവനക്കാർക്ക് ശമ്പളവും മറ്റു ആനുകൂല്യങ്ങളും കൊടുത്തുകൊണ്ട് ടി സഭ

RIGHT TO INFORMATION

സ്കൂളുകൾ നടത്തിക്കൊണ്ടു വുരുന്നതാണെന്നും ആയതിനാൽ ടി സഭ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെന്നുമാണ്. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ ഡി.ഇ.ക്ക് കീഴിൽ വരുന്നതിനാൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ മറുപടി നൽകേണ്ടത് ഡി.ഇ.ഒ ആണെന്നും മറ്റുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, മനാറുൽ ഇസ്ലാം സഭയുടെ കീഴിലുള്ള 5 എൽ.പി. സ്കൂളുകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ ഉണ്ടെന്നും ടി സ്കൂളുകളിൽ ഒന്നും തന്നെ 2014-15 വർഷം ഡിവിഷനുകൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട മറ്റു വിവരങ്ങൾ ഹൈസ്കൂൾ സംബന്ധിച്ചായിരുന്നുവെന്നും ആയത് വടകര ജില്ലാ വിഭ്യാഭ്യാസ അധികാരിയുടെ പരിധിയിലുള്ളതാണെന്നും ആയതിനാലാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസറാണ് മറുപടി നൽകേണ്ടതെന്ന കാര്യം ഹർജിക്കാരനെ അറിയിച്ചതെന്നും മറ്റുമാണ്.

5. മനാറുൽ ഇസ്ലാം സഭ സെക്രട്ടറി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, മനാറുൽ ഇസ്ലാം സഭ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു സ്ഥാപിതമായ ഒരു സ്വതന്ത്ര സംഘമാണെന്നും ആയതു വിവരാവകാശ നിമയത്തിന്റെ പരിധിയിൽ വരാത്തതാണെന്നും ടി സംഘത്തിനു കീഴിൽ വിവിധ സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി എയ്ഡഡ് സ്കൂളുകൾ ഉണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട സംഘത്തിന്റെ ഭരണപരവും നയപരവുമായ കാര്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്.

6. അപ്പിൽ ഹർജിയും ബന്ധപെപട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചത് മനാറുൽ ഇസ്ലാംസഭ സെക്രട്ടറി മുമ്പാകെയാണെന്നു കാണുന്നു. കമ്മീഷൻ മുമ്പാകെ വെളിപ്പെടുത്തിയ വസ്തുതകളിൽ നിന്നും ടി സംഘം സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒന്നാണെന്നും ആയത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒന്നല്ല എന്നും കാണുന്നു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം ടി സഭ നടത്തുന്ന എൽ.പി. സ്കൂളുകൾ, ഹൈസ്കൂൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ആയത് എയ്ഡഡ് മേഖലയിലാണെങ്കിൽ, ലഭിക്കുവാനുള്ള

RIGHT TO INFORMATION

അർഹത ഹർജിക്കാരനുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ അത്തരം സാഹചര്യത്തിൽ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട സ്കൂൾ ഹെഡ് മാസ്റ്റർ/പ്രിൻസിപ്പൽ മുമ്പാകെയാണ്. ആയതു പ്രകാരം ബന്ധപ്പെട്ട സ്കൂളിൽ ലഭ്യമായ വിവരങ്ങൾ നൽകുവാൻ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പലിന് ഉത്തരവാദിത്തമുണ്ട്. അപ്രകാരം ലഭിക്കുന്ന മറുപടികൾ സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ ആയതു ഹർജിക്കാരന് എൽ.പി. സ്കൂളാണെങ്കിൽ ബന്ധപ്പെട്ട എ.ഇ.ഒ. മുന്പാകെയും ഹൈസ്കൂളാണെങ്കിൽ ബന്ധപ്പെട്ട ഡി.ഇ.ഒ മുമ്പാകെയും അപ്പീൽ സമർപ്പിക്കാവുന്നതാണ്.

7. മേൽ പ്രസ്താവിച്ച വസ്തുതകളിൽ നിന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ മനാറുൽ ഇസ്ലാംസഭ ബാധ്യസ്ഥമല്ലെന്നു കാണുന്നു. കമ്മീഷൻ മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ മുമ്പാകെ അപേക്ഷ സമർപ്പിച്ച് ഹർജിക്കാരന് വിവരങ്ങൾ തേടാവുന്നതാണെന്നു വ്യക്തമാക്കി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, മെയ് 07–ാം തീയതി കമ്മീഷൻ അവസാനിപ്പിക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp